(സി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്നതു മാത്രമായിരുന്നു സംഘടനകളെ ക്ഷണിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം. മറുനാടൻ മലയാളി സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ട് 350-ഓളം പ്രവാസി മലയാളികൾ സമ്മേളനത്തിൽ പങ്കെടുത്തു.

(ഡി) പങ്കെടുത്ത പ്രതിനിധികളുടെ സംഘടനാലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) സമ്മേളന വേദിയിൽ നിന്നും മാറ്റി നിർത്തിയെന്നാരോപിച്ച് ചില സംഘടനാ പ്രതിനിധികൾ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. എന്നാൽ പിന്നീട് സമ്മേളന നടത്തിപ്പുമായി അവർ സഹകരിക്കുകയുണ്ടായി.

(എഫ്) സമ്മേളനം നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയെയാണ് ഏല്പിച്ചിരുന്നത്. നടത്തിപ്പിന്റെ ചിലവുകൾക്കായി സർക്കാർ 5 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വരവ് ചെലവുകൾ സംബന്ധിച്ച കണക്കുകൾ റൂട്ട്സിൽ നിന്നും ലഭിച്ചിട്ടില്ല.

സമന്വയം പരിപാടി

144 (4427) ശ്രീ. വക്കാവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളുടെ ഒത്തുചേരലിന് സർക്കാർ സംഘടിപ്പിച്ച സമന്വയം പരിപാടിക്ക് എന്തുതുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരിപാടിക്ക് പ്രതിനിധികളേയും സംഘടനകളേയും ക്ഷണിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ ;

(സി) പരിപാടിയുടെ നടത്തിപ്പിനായും പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനുമായി ആരെങ്കിലും വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണെന്നും ആയതിന് എന്തു തുക ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) രജിസ്ട്രേഷനോ അംഗീകാരമോ ഉള്ള സംഘടനകളാണോ പരിപാടിക്ക് ക്ഷണിക്കപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ സംഘടനകളെ ക്ഷണിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദേശ മലയാളികൾക്കുവേണ്ടിയല്ല. പ്രത്യുത ഇന്ത്യയ്ക്കകത്തുള്ള മറുനാടൻ മലയാളികൾക്കുവേണ്ടിയാണ് സർക്കാർ സമന്വയം പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ നടത്തിപ്പിനായി വേണ്ടിവന്ന ചെലവിന്റെ കണക്കുകൾ സമാഹരിച്ചു വരുന്നതേയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ മലയാളി സംഘടനകളെയും ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകിയിരുന്നു.

(സി) മറുനാടൻ മലയാളി സംഗമത്തിന്റെ പ്രചരണാർത്ഥം ആരും വിദേശയാത്ര നടത്തിയിട്ടില്ല.

(ഡി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്ന മാനദണ്ഡം മാത്രമായിരുന്നു സംഘടനകളെ ക്ഷണിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചത്.

സമന്വയം 2003-ലേയ്ക്ക് ക്ഷണം ലഭിച്ച മറുനാടൻ മലയാളികൾ

145(4428) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമന്വയം 2003-ൽ സംബന്ധിക്കുന്നതിന് ഏതെല്ലാം മറുനാടൻ മലയാളികളുടെ സംഘടനകളെ ഗവൺമെന്റ് ഔദ്യോഗികമായി ക്ഷണിക്കുകയുണ്ടായി ;

(ബി) മറുനാടൻ മലയാളി സംഘടനകളെ ഇതിലേക്ക് ക്ഷണിക്കുവാനായി എന്തെങ്കിലും മാനദണ്ഡം നിശ്ചയിക്കപ്പെടുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ ചില മറുനാടൻ മലയാളി സംഘടനകളെ ക്ഷണിക്കുവാൻ ഗവൺമെന്റ് വിമുഖത കാണിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ത്യയിൽ പ്രവർത്തിക്കുന്ന മറുനാടൻ മലയാളി സംഘടനകളുടെ സമഗ്രമായ വിവരം ലഭ്യമല്ലെങ്കിലും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള എല്ലാ മലയാളി സംഘടനകളെയും സമ്മേളനത്തിലേക്ക് ക്ഷണിച്ചുകൊണ്ട് പത്രപരസ്യങ്ങൾ നൽകിയിരുന്നു. കൂടാതെ, നിവേദനങ്ങളുൾപ്പെടെ സർക്കാരുമായി മുമ്പ് ബന്ധപ്പെട്ട സംഘടനകൾക്കും വിവിധ മാർഗ്ഗങ്ങളിലൂടെ മേൽവിലാസം സമാഹരിക്കുവാൻ കഴിഞ്ഞ സംഘടനകൾക്കും കത്തുകൾ അയച്ചുകൊണ്ടാണ് സമ്മേളനവിവരം പ്രചരിപ്പിച്ചത്.

(ബി & സി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്നതു മാത്രമായിരുന്നു സംഘടനകളെ ക്ഷമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം.

മറുനാടൻ മലയാളി സമ്മേളനം

146(4429) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly